# ദേവീസഹായം എൽ.പി.സ്കൂൾ,
# ആലക്കാട്

കുഞ്ഞുകഥകൾ

# തേൻനെല്ലിക്ക



**പാർവ്വണ മണിപ്പുഴ**

ഒന്നാംതരം

# ആമുഖം

ഒന്നാംക്ലാസ്സിലെ കുട്ടികളുടെ സർഗ്ഗാത്മക രചനയും ചിന്താശേഷിയും വളർത്തിയെടുക്കാൻ പൊതുവിദ്യാലയങ്ങളിൽ ഈ വർഷം നടപ്പിലാക്കിയ പദ്ധതിയാണ് രചനോത്സവം. സചിത്ര പുസ്തകം, സംയുക്ത ഡയറി തുടങ്ങിയ നൂതനാശയങ്ങളിലൂടെ കുട്ടികൾക്ക് അവരുടെ ഭാഷാപരമായ കഴിവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഏഴുമാസക്കാലമായി നമ്മുടെ ഒന്നാം ക്ലാസ്സിലെ കുട്ടികൾ രചനോത്സവത്തിന്റെ ഭാഗമായി സ്വതന്ത്ര രചനയിലേർപ്പെടുന്നു.

പാർവ്വണ മണിപ്പുഴ, എഴുതിയ പതിനെട്ടോളം കുഞ്ഞുകഥകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.




പാർവ്വണ മണിപ്പുഴ

# ഉള്ളടക്കം


1. മാളുത്താറാവും കുട്ടികളും
2. സൗഹൃദം
3. നന്മയുള്ള മനസ്സ്
4. കലാകാരിയായ പൂച്ച
5. മണിക്കാക്കയുടെ പിറന്നാൾ
6. പാവം കുറുക്കച്ചൻ
7. വാവക്കോഴിയുടെ സൂത്രം
8. മിന്നുക്കുട്ടിയുടെ ആഗ്രഹം
9. കുട്ടികളുടെ മോഹം
10. നല്ല ചങ്ങാതിമാർ
11. കരടിക്കുട്ടന്മാരുടെ മോഹം
12. കിങ്ങിണിത്താറാവും കൊച്ചുതവളയും
13. ചങ്ങാതിമാർ
14. അരുമയായ ആട്ടിൻകുട്ടി
15. അനുസരണക്കേടിന്റെ ഫലം
16. പൂച്ചക്കുട്ടിയുടെ സൂത്രം
17. കാട്ടിലെ ആഘോഷം
18. വാവക്കോഴിയുടെ മോഹം

# മാളുത്താറാവും കുട്ടികളും

ഒരിടത്തു വിശാലമായ ഒരു താമരക്കുളം ഉണ്ടായിരുന്നു .അവിടെ നീന്താൻ മാളുത്താറാവും കുട്ടികളും ദിവസേന വരുമായിരുന്നു . അങ്ങനെ ഒരു ദിവസം നീന്തി കളിക്കുമ്പോൾ കുറേ തുമ്പികൾ പാറികള്ളിക്കുന്നത് അവർ കണ്ടു .
പിന്നെ ഓരോ ദിവസങ്ങൾ കടന്നു പോയി .തുമ്പികൾക്ക് നീന്താൻ മോഹം തോന്നി .അക്കാര്യം കുട്ടി ത്താറാവിനോട് പറഞ്ഞു .കുട്ടിത്താറാവ് അത് മാളു താറാവിനോട് പറഞ്ഞു .അപ്പോൾ മാളുത്താറാവ് പറഞ്ഞു നമുക്ക് അവരെ പിറകിൽ ഇരുത്തി നീന്തിപ്പിക്കാം .



# സൗഹൃദം

കാനനക്കാട്ടിലെ ഉറ്റ ചങ്ങാതിമാരായിരുന്നു പൊന്നു ആനയും ജീനു എലിയും .എല്ലാ ദിവസവും അവർ വിശേഷങ്ങൾ പറഞ്ഞിരിക്കും .അങ്ങനെ എലിക്ക് ഒരു മോഹം തോന്നി . എനിക്ക് നീ കഥ പറഞ്ഞു തരുമോ എലി ചോദിച്ചു .ശരി  ഞാൻ നിനക്ക് കഥ പറഞ്ഞു തരാം ആന പറഞ്ഞു .അങ്ങനെ കഥ പറഞ്ഞു കൊണ്ട് അവൾ ഉറങ്ങി പ്പോയി .

Poster Maker



Poster Maker

# നന്മയുള്ള മനസ്സ്

ചില്ലമണി ക്കാട്ടിൽ ജോജോ കരടിയും കുടുംബവും താമസിച്ചിരുന്നു .അവൻ കൂട്ടുകാരോടൊത്തു കളിക്കുകയായിരുന്നു .പെട്ടെന്ന് അവന് വയ്യാതെയായി .അവൻ അമ്മയുടെ അടുത്തേക്ക് ചെന്നു .

അമ്മ പറഞ്ഞു മോനേ നീ വിശ്രമിക്കു ഞാൻ ഒരു ഡോക്ടറെ വിളിച്ചിട്ടു വരാം .ഡോക്ടർ ചിങ്കം കരടിയെ കാണാൻ വന്നു .പരിശോധിച്ചു നോക്കിയപ്പോൾ ജോജോ കരടിക്കു കോവിഡ് ആയിരുന്നു .

അതറിഞ്ഞ ഉടനെ അവൻ മരത്തിന്റെ മുകളിൽ കയറി ഇരുന്നു .ഗുളികയും മരുന്നും ഡോക്ടർ അമ്മയെ ഏൽപ്പിച്ചു .തന്റെ കോവിഡ് ആർക്കും വരാതിരിക്കാനാണ് അവൻ മരത്തിന്റെ മുകളിൽ താമസമായത് .

അവൻ ഗുളികയൊക്കെ കഴിച്ചു അസുഖം മാറി .





Poster Maker

## കലാകാരിയായ പൂച്ച

ഒരിടത്തു ചിത്രകാരിയായിരുന്ന ഒരു കിങ്ങിണി പൂച്ച ഉണ്ടായിരുന്നു .അവൾ എല്ലാവർക്കും പ്രിയപ്പെട്ടവൾ ആയിരുന്നു .ചിത്രങ്ങൾ സ്വയം വരച്ചുപഠിക്കുമായിരുന്നു.ഒരു ദിവസം അവൾ തന്റെ ചിത്രം ഒരു കടലാസിൽ വരക്കുവാൻ തീരുമാനിച്ചു .കടലാസും പെൻസിലും മൊക്കെ എടുത്ത് അവൾ വര തുടങ്ങി .അപ്പോഴാണ് അത് സംഭവിച്ചത് "ഗർർർ "എന്നൊരു ശബ്ദം കേട്ടു പൂച്ച ഞെട്ടി.അത് ഒരു കടുവ ആയിരുന്നു .തന്റെ ചിത്രം എങ്ങനെ കടുവ ആയിമാറി ,മറ്റൊന്നുമല്ല കിങ്ങിണി പൂച്ച ഒരു മാജിക്കൽ ചിത്രകാരിയായിരുന്നു.



Poster Maker

# മണി കാക്കയുടെ പിറന്നാൾ

പച്ചില കാട്ടിലെ മണി കാക്ക തൻ്റെ പിറന്നാൾ ഗംഭീരമായി ആഘോഷിക്കാൻ തീരുമാനിച്ചു. തൻ്റെ സുഹൃത്തുക്കൾക്ക് എല്ലാം പായസം കൊടുക്കാൻ തീരുമാനിച്ചു.പായസം വെക്കുന്നതിനിടയിൽ ചിന്നു തത്തയെ വിളിക്കാൻ മറന്നുപോയി.

മണി കാക്കയും മയിലമ്മയും കൂടി ചിന്നു തത്തയെ വിളിക്കാൻ പോയി.ക്ഷണിച്ച് എത്തിയ എല്ലാവരും കൂടി സന്തോഷത്തോടെ പായസം കുടിച്ച് പിരിഞ്ഞു.





Poster Maker

# പാവം കുറുക്കച്ചൻ

ഒരിടത്തു ഒരു കുറുക്കച്ചൻ ഉണ്ടായിരുന്നു .അവൻ വളരെ പാവമായിരുന്നു .ആരോടും വഴക്കിനൊന്നും പോകില്ലാ യിരുന്നു .ഒരു ദിവസം അവൻ കാട്ടിലൂടെ നടക്കുകയിരുന്നു .

അപ്പോൾ അത് വഴി ഒരു എലിക്കുട്ടൻ വന്നു .അവൻ കുറു ക്കച്ചനെ ഒരുപാടു കളിയാക്കി .എനിക്ക് നിന്നെ തീരെ ഇഷ്ടമല്ല .നിന്റെ തടിച്ച വാല് .അത് കേട്ട്കുറുക്കച്ചന്ന് വല്ലാതെ വിഷമമായി .

അതുവഴി വന്ന അണ്ണാറക്കണ്ണൻ പറഞ്ഞു .എനിക്കും നിന്നെപ്പോലെ തടിച്ച വാല് ആണ് .അത് നമുക്ക് ചന്ത മാണ് .കുറുക്കച്ചന് സന്തോഷമായി .



Poster Maker

# വാവക്കോഴിയുടെ സൂത്രം

ഒരു ദിവസം വാവക്കോഴി അമ്മയുടെ കൂടെ ധാന്യങ്ങൾ കൊത്തി തിന്നുകയായിരുന്നു . അതിനിടയിൽ  വാവക്കോഴി ഒരു കുഞ്ഞി കുഴിയിൽ വെള്ളം കണ്ടു .

അവൾക്ക് അതിൽ നീന്താൻ മോഹം തോന്നി.അവൾ മോഹം അമ്മയോട് പറഞ്ഞു .'അമ്മ ഒരു തോണിയാക്കി ,അവൾക്ക് കൊടുത്തു .അവൾ കണ്ണടയുമിട്ട്  ആ വെള്ളത്തിൽ നീന്തി കളിച്ചു .



Poster Maker

# മിന്നുകുട്ടിയുടെ ആഗ്രഹം

ഒരിടത്തു ഒരു മിന്നുകുട്ടി ഉണ്ടായിരുന്നു .അവൾ ഒരു ദിവസം  കാട്ടിലൂടെ നടക്കുമ്പോൾ ഒരു ആപ്പിൾ മരം കണ്ടു .അവൾക്ക് അത് കണ്ടിട്ട് വേണമെന്ന് തോന്നി .അവൾ അമ്മയോട് ചോദിച്ചു ,എനിക്ക് ഇതിൽ നിന്ന് ആപ്പിൾ പറിച്ചു തരുമോന്ന് .

ഇത്രയും ഉയരത്തിലുള്ള  ആപ്പിൾ എനിക്ക് പറിക്കാൻ പറ്റില്ല .അത് കേട്ട് അത് വഴി വന്ന കരടിക്കുട്ടൻ അവളെ സഹായിക്കാമെന്ന് പറഞ്ഞു .കരടിക്കുട്ടൻ അവളെ പിറകിൽ ഇരുത്തി അവർ ഉയരത്തിലുള്ള  ആപ്പിൾ  പറിച്ചു

ധാരാളം  കഴിച്ചു അവർക്ക് സന്തോഷമായി .



Poster Maker

# കുട്ടികളുടെ മോഹം

ഒരിടത്തു ചിന്നുക്കുട്ടിയും അഭിക്കുട്ടനും ഉണ്ടായിരുന്നു .അവരുടെ ഉറ്റ സുഹൃത്തായിരുന്നു കുഞ്ഞാന .എന്നും അവർ ഒരുമിച്ചു കളിക്കുമായിരുന്നു .ഒരു ദിവസം അവർക്ക് നാട് കാണാൻ ഒരു മോഹം തോന്നി .

അവർ ആവശ്യം കുഞ്ഞാനയോടെ പറഞ്ഞു .കുഞ്ഞാന അത് സമ്മതിച്ചു .ചിന്നുക്കുട്ടി ചോദിച്ചു നമ്മൾ എങ്ങനെ നിന്റെ മുകളിൽ കയറും .കുഞ്ഞാന പറഞ്ഞു ,അവിടെ ഒരു ഏണിയുണ്ട് . അത് എന്റെ ശരീരത്തിൽ ചാരിവെക്കു .അങ്ങനെ അവർ നാട്ടിലെ മനോഹരമായ കാഴ്ച്ചകൾ കണ്ടു സന്തോഷിച്ചു .



Poster Maker

# നല്ല ചങ്ങാതിമാർ

ആലില കാട്ടിലെ
ചങ്ങാതിമാരായിരുന്നു  കിട്ടു മുയലും
ചെമ്പൻ കരടിയും കുട്ടിപ്പുലിയും.
ഒരു ദിവസം എല്ലാവരും കാട്ടിൽ
നിന്ന് കളിക്കുകയായിരുന്നു.
അതിനിടയിൽ കിട്ടു മുയൽ മരത്തിനു
മുകളിൽ അകപ്പെട്ടു .അവൻ
ചെറുതായതുകൊണ്ട് താഴേക്ക്
ഇറങ്ങാൻ  പറ്റിയില്ല. ചെമ്പൻ
കരടി അവനെ രക്ഷിക്കാൻ
തയ്യാറായി.ബലൂൺ
വീർപ്പിച്ചു മുകളിലേക്ക്
ഉയർന്നു പൊങ്ങി .കിട്ടു
മുയലിനു
സന്തോഷമായി .രണ്ടുപേരും
കൂടി താഴേക്ക് ഇറങ്ങി .



Poster Maker

# കരടികുട്ടന്മാരുടെ മോഹം

പഞ്ചാര കാട്ടിലെ രണ്ടു കരടിക്കുട്ടന്മാർ ആയിരുന്നു മിട്ടു ക്കരെടിയും ലെച്ചു ക്കരെടിയും . ഒരു ദിവസം അവർ വീട്ടിൽ നിന്ന് കളിക്കുകയായിരുന്നു .പെട്ടെന്ന് ലെച്ചു രണ്ടു തുമ്പികൾ മുകളിൽ നിന്ന് പറക്കുന്നത് കണ്ടു .അവൾ മിടുക്കരെടിയെ വിളിച്ചു കാണിച്ചു കൊടുത്തു .

നമുക്കും ഇതുപോലെ പറക്കണെമായിരുന്നു .അവർ അച്ഛന്റെ അടുത്തേക്ക് പോയിഅച്ഛനോട് കാര്യം പറഞ്ഞു .അച്ഛൻ പറഞ്ഞു നിങ്ങളെയും ഞാൻ ഉയരത്തിൽ പറത്താ മല്ലോ .അച്ഛൻ വലുതായിട്ട് ഒരു ബലൂൺ വീർപ്പിച്ചു കരടികുട്ടന്മാരെ അതിൽ ഇരു[illegible] മുകളിലേക്ക് പറത്തി .അവർ സന്തോഷത്തോടെ കാഴ്ച്ചകൾ കണ്ട് മടങ്ങി വന്നു.



Poster Maker

## കിങ്ങിണിത്താറാവും കൊച്ചുതവളയും:



താറാവ് : തവളക്കുട്ടാ തവളക്കുട്ടാ നീ അറിഞ്ഞില്ലേ. കിന്നാരം പുഴയിൽ വച്ച് ഞാൻ നീന്തൽ പഠിപ്പിക്കുന്നുണ്ട്.



തവള: ശരിയാണോ കിങ്ങിണി താറാവേ ഞാൻ ഉറപ്പായും വരാം.



പൂച്ച : നിങ്ങൾ എന്താണ് സംസാരിക്കുന്നത്. എന്നോടുകൂടി പറയുമോ ?



മീൻ : നമ്മുടെ കിങ്ങിണിത്താറാവ് ഇന്ന് കിന്നാരം പുഴയിൽ വച്ച് എല്ലാവരെയും നീന്തൽ പഠിപ്പിക്കുന്നുണ്ട്.




ആമ: ഓ ശരിയാണോ എന്നാൽ നമുക്ക് അങ്ങോട്ട് പോകാം.

Poster Maker

# ചങ്ങാതിമാർ

ഒരിടത്തു ഉറ്റ സുഹൃത്തുക്കളായ രണ്ടു കുരങ്ങന്മാർ ഉണ്ടായിരുന്നു .അപ്പു കുരങ്ങനും കുഞ്ചു കുരങ്ങനും .അവർ ഒരു ദിവസം വിശന്നു വലഞ്ഞു നടക്കുകയിരുന്നു .പെട്ടെന്നാണ് അവരുടെ മുന്നിൽ ഒരു വാഴക്കുല കണ്ടത്.

അപ്പു ചോദിച്ചു ഉയരത്തിലുള്ള വാഴക്കുല നമുക്ക് എങ്ങിനെ കിട്ടും .കുഞ്ചുവിന് ഒരു സൂത്രം തോന്നി .
അരികിൽ ഉണ്ടായ ഒരു മരത്തടിയുടെ മുകളിൽ പലക വെച്ച് കുഞ്ചു അതിലേക്ക് തുള്ളി.ഉയരത്തിലേക്ക് പൊങ്ങി വാഴക്കുല പറിച്ചു രണ്ടുപേരും സന്തോഷത്തോടെ കഴിച്ചു .



Poster Maker

# അരുമയായ ആട്ടിൻകുട്ടി

ഒരിടത്തു എല്ലാവരോടും ഇഷ്ടമുള്ള ഒരു കുഞ്ഞൻ നായ ഉണ്ടായിരുന്നു .ഒരു ദിവസം കിങ്ങിണി ആടിന്റെ 'അമ്മ ഭക്ഷണം തേടാൻ പോയി .ആ സമയം കിങ്ങിണി ആടിനെ വിശപ്പു വന്നു .അവൾക്ക് വയ്യാതെ ആയി . അവിടെ ഉണ്ടായ നായ ചോദിച്ചു എന്താ മോളെ കരയുന്നത് .എനിക്ക് പാല് വേണം .ആട് പറഞ്ഞു .അതിനെന്താ ഞാൻ പാല് തരാം .ഞാൻ അടുത്തുള്ള പശുവിന്റെ പാല് നിറയെ തരാം .
നായ പാൽ കുപ്പിലാക്കി .ആട്ടിൻക്കുട്ടിക്ക് കൊടുത്തു .അവൾ അവളുടെ വീട്ടിലേക്ക് പോയി .അവർക്കു സന്തോഷമായി .




Poster Maker

## അനുസരണക്കേടിൻറെ ഫലം:

കിട്ടു നായയുടെ മക്കളാണ് ചിക്കുവും മിക്കുവും. നല്ല അനുസരണ ശീലമുള്ള നായയാണ് ചിക്കു. എന്നാൽ മിക്കുവിന് ഒരു അനുസരണയും ഇല്ലായിരുന്നു.

ഒരു ദിവസം ചിക്കു നായ വീട്ടുമുറ്റത്തുനിന്ന് കളിക്കുകയായിരുന്നു , എന്നാൽ മിക്കു അമ്മ പറയുന്നതു കേൾക്കാതെ നല്ല ഒഴുക്കുള്ള പുഴക്കരെയിലേക്ക് പോയി. പെട്ടന്ന് ഓടിക്കളിച്ചു കൊണ്ടിരുന്ന മിക്കു വെള്ളത്തിലേക്ക് കാല് വഴുതി വീണു. ഇതു കണ്ടുവന്ന ചിക്കു അവനെ രക്ഷപ്പെടുത്തി.



Poster Maker

# പൂച്ചകുട്ടിയുടെ സൂത്രം

കാഞ്ഞില കാട്ടിൽ
അമ്മുപ്പൂച്ചയും കുടുംബവും
താമസിച്ചിരുന്നു .ആ
കാട്ടിലെ ഏറ്റവും
നല്ല ഫോട്ടോഗ്രാഫർ
ആയിരുന്നു
അമ്മുപ്പൂച്ച .കിട്ടൻ എലിയും
മിട്ടു പൂച്ചയും ദിവസവും
അവളുടെ സ്റ്റുഡിയോയിൽ
വരുമായിരുന്നു .

ഒരു ദിവസം ചിക്കു നായ
അവളുടെ ഫോട്ടോ
എടുക്കാൻ അവിടെ
വന്നു .അവൾക്ക് തീരെ ഭംഗി
ഇല്ലായിരുന്നു .അമ്മുപ്പൂച്ച
സൂത്രത്തിൽ അവളെ
കുളിപ്പിച്ച് സുന്ദരിയാക്കി
ഫോട്ടോ എടുത്തു .അവൾക്ക്
സന്തോഷമായി .



Poster Maker

# കാട്ടിലെ ആഘോഷം

പഞ്ചാരിക്കാട്ടിലെ മൃഗളെല്ലാം
വളരെ ഒരുമയോടു
കൂടിയാണ് അവിടെ
ജീവിച്ചിരുന്നത് .ഒരു ദിവസം
കാട്ടിൽ പാട്ടുമത്സരം നടത്താൻ
തീരുമാനിച്ചു .പാട്ടുമത്സരത്തിൽ
ചിമ്പുക്കരടി ഒന്നാമതായി .

മൃഗങ്ങൾക്കെല്ലാം സന്തോഷമായി .
എല്ലാവരും പാട്ടു വെച്ച് നൃത്തം
ചെയ്തു . എല്ലാവരും ചിന്നുക്കരടിക്ക്
സമ്മാനങ്ങൾ കൊടുത്തു .



Poster Maker

# വാവക്കോഴിയുടെ സൂത്രം

ഒരു ദിവസം വാവക്കോഴി അമ്മയുടെ കൂടെ ധാന്യങ്ങൾ കൊത്തി തിന്നുകയായിരുന്നു . അതിനിടയിൽ വാവക്കോഴി ഒരു കുഞ്ഞി കുഴിയിൽ വെള്ളം കണ്ടു .

അവൾക്ക് അതിൽ നീന്താൻ മോഹം തോന്നി.അവൾ മോഹം അമ്മയോട് പറഞ്ഞു .'അമ്മ ഒരു തോണിയാക്കി ,അവൾക്ക് കൊടുത്തു .അവൾ കണ്ണടയുമിട്ട് ആ വെള്ളത്തിൽ നീന്തി കളിച്ചു .



Poster Maker

